(1)	(2)
സൂപ്പർ എക്സ്പ്രസ്	20
സൂപ്പർ ഡീലക്സ്	28
ലക്ഷ്വറി/ഹൈടെക് എ.സി.	40
വോൾവോ	40

(സി) 8-8-2011, 11-11-2012, 20-5-2014

റീച്ച് ഓൺ ഫാസ്റ്റ് ബസ്

200(5789) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ "റീച്ച് ഓൺ ഫാസ്റ്റ് ബസ് " എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുകയാണ് ഈ സംരംഭം വഴി ഉദ്ദേശിക്കുന്നത്.

(സി) കെ.എസ്.ആർ.ടി.സി.-യും ട്രാകോൺ കൊറിയർ എന്ന കമ്പനിയും ചേർന്നുള്ള സംയുക്ത സംരഭമായതിനാൽ മേൽ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും 7-7-2015-ൽ ബഹു. മുഖ്യമന്ത്രി പദ്ധതി ഉദ്ഘാടനം ചെയ്യുകയും ഇതിന്റെ മറ്റ ക്രമീകരണങ്ങൾ ദ്രുതഗതിയിൽ നടത്തിവരികയും ചെയ്യുന്നു.

ഫെയർ സ്റ്റേജ് നിർണ്ണയവും ടിക്കറ്റ് വർദ്ധനയും

201(5790) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഓർഡിനറി മുതൽ എക്സ്പ്രസ്സ് വരെയുള്ള വിവിധ ബസ്സുകളുടെ നിരക്കും നിരക്കിന്റെ അടിസ്ഥാനത്തിൽ യാത്ര ചെയ്യാൻ അനുവദിക്കപ്പെട്ട ദൂരവും എത്രയായിരുന്നു :

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനുശേഷം എത്ര പ്രാവശ്യം എത്ര നിരക്കിൽ വർദ്ധനവു നടത്തി എന്നും ഇതിനായി എന്തെല്ലാം പഠനങ്ങൾ നടത്തി എന്നും വ്യക്തമാക്കുമോ ; പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) ഫെയർസ്റ്റേജ് പുനർനിർണ്ണയിക്കാൻ കോടതികൾ നിർദ്ദേശിച്ചത് എന്നാണ് എന്നു അറിയിക്കാമോ ; വിധി പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഡി) ഫെയർ സ്റ്റേജ് പുനർ നിർണ്ണയിക്കാനുള്ള യാത്രക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കൽ കൂടാതെ KSRTC എന്തെല്ലാം വർദ്ധനവുകൾ 2011 മുതൽ 2015 വരെ നടപ്പാക്കി എന്നും പ്രസ്തുത വർദ്ധനവുവഴി നാളിതുവരെ എത്ര രൂപ KSRTC-ക്കു ലഭിച്ചു എന്നും അറിയിക്കുമോ ; ടിക്കറ്റ് നിരക്ക് വർദ്ധന ഒഴികെയുള്ള മറ്റു വർദ്ധനവുകൾ മറ്റു സംസ്ഥാനങ്ങളിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വർദ്ധനവുകൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ബസ് ചാർജ്ജ് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവനുസരിച്ച് വിവിധ ബസ്സുകളിൽ നിശ്ചയിച്ചിരുന്ന യാത്രാനിരക്കുകൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.* ആ ഉത്തരവിൽ ഓരോ നിരക്കിലും യാത്ര ചെയ്യാൻ അനുവദിക്കപ്പെട്ട ദൂരം പ്രത്യേകം നിർണ്ണയിക്കപ്പെട്ടിരുന്നില്ല.

(ബി) മൂന്നു തവണ. സ്റ്റേജ് കാര്യേജുകളിലെ യാത്രാ നിരക്കുകളും വിദ്യാർത്ഥികളുടെ യാത്രാ കൺസഷൻ നിരക്കുകളും ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി ജസ്റ്റിസ് രാമചന്ദ്രൻ (റിട്ട. ഹൈക്കോടതി ജഡ്ജി) അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഡീസൽ, സ്പെയർ പാർട്ട്, ഓയിൽ, ലൂബ്രിക്കന്റുകൾ, ജീവനക്കാരുടെ വേതനം, ഇൻഷ്വറൻസ് പ്രീമിയം തുടങ്ങിയ വിവിധ ഘടകങ്ങളുടെ വർദ്ധനവ് കണക്കിലെടുത്താണ് യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതിന് കമ്മിറ്റി ശുപാർശകൾ സമർപ്പിക്കുന്നത്. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

(സി) ഫെയർ സ്റ്റേജ് പുനർനിർണ്ണയിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള കോടതി വിധികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ഫെയർ സ്റ്റേജ് അനോമലി സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ചില റിട്ട് പെറ്റീഷനുകളിൽ ഹർജിക്കാർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പെറ്റീഷനുകൾ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തീർപ്പാക്കാൻ ബഹു. കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചില ഫെയർ സ്റ്റേജുകൾ പുനർ നിർണ്ണയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഹർജികൾ ലഭിച്ചിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി. യാത്രകൾക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ ഇവയ്ക്കായി 1-4-2015 മുതൽ 15 രൂപയും അതിന് മുകളിലുമുള്ള ടിക്കറ്റിന്മേൽ സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലായി ഈ ഇനത്തിൽ 1,85,48,481 രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ മറ്റ് വർദ്ധനവുകൾ ഉണ്ടോയെന്ന കാര്യത്തിൽ ഇതേവരെ അന്വേഷണമൊന്നും നടത്തിയിട്ടില്ല. 1-4-2015-ൽ ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷ സെസ് റദ്ദാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ചടയമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ സർവ്വീസുകൾ

202(5791) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഇപ്പോൾ എത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ഓർഡിനറി എന്നിവയുടെ കണക്ക് പ്രത്യേകം നൽകാമോ ;

(സി) 2015 ജനുവരി മുതൽ ജൂൺ 30 വരെയുള്ള കാലയളവിൽ പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ ;

(ഡി) എത്ര സർവ്വീസുകൾ ക്യാൻസൽ ചെയ്തു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 59 സർവ്വീസുകൾ നടത്തുവാൻ അനുമതി നൽകിയിട്ടുള്ളതിൽ പ്രതിദിനം ശരാശരി 50 സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

(ബി) സൂപ്പർ ഫാസ്റ്റ് - 1

ഫാസ്റ്റ് പാസഞ്ചർ - 6

ഓർഡിനറി - 43

(സി) ഇല്ല.

(ഡി) ബസ്സുകളുടെ കുറവ് കാരണം പ്രതിദിനം ശരാശരി 9 സർവ്വീസുകൾ റദ്ദ് ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly